KERALA MARITIME BOARD

(A Statutory Board of Government of Keralam)

Head Office: TC XXII/1666 (4&5), 1st Floor, Mulamoottil Building,
Pipinmoodu, Sasthamangalam, Thiruvananthapuram – 695010, Tel: 04712910040
Website: www.kmb.kerala.gov.in / E-mail: ceo.kmb@kerala.gov.in / Tel: 04712910040

NO TO DRUGS

നടപടി ഉത്തരവ്
അഡ്മിനിസ്ട്രേറ്റർ, കേരള മാരിടൈം ബോർഡ്
ശാസ്തമംഗലം തിരുവനന്തപുരം-10
(DR. RATHAN U KELKAR I A S)

വിഷയം : കേരള മാരിടൈം ബോർഡ് – ബേപ്പൂർ തുറമുഖത്തെ കണ്ടെയിനർ ഹാന്റ് ലിംഗ് ലിബർ ക്രെയിനിലെ ഉപയോഗത്തിലേക്കായി മൂന്നാം വർഷത്തെ ആദ്യത്തെ **AMC Visit**-ന്റെ **(18/05/2026 0 22/05/2026)** ഭാഗമായി നടത്തിയ പരിശോധന പ്രകാരം സ്പെയർ പാർട്സുകൾ ലഭ്യമാക്കുന്നത് - ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :
1. തുറമുഖ ഓഫീസർ, കോഴിക്കോടിന്റെ **01/08/2026** തീയതിയിലെ സി1/2612/2016 നമ്പർ കത്ത്.
2. **Quotation no. 560896 dated 15/07/2026 of M/s Liebherr India Pvt Ltd, Mumbai.**

ഉത്തരവ് നമ്പർ : HOKMB-TVM/294/2023-D1 (Tech) **തീയതി : 21-09-2026**

ബേപ്പൂർ തുറമുഖത്തെ **LHM 180 Liebherr Container Handling Crane**-ന്റെ മൂന്നാം വർഷത്തെ ആദ്യത്തെ **AMC Visit**-ന്റെ **(18/05/2026 0 22/05/2026)** ഭാഗമായി നടത്തിയ പരിശോധന പ്രകാരം പ്രസ്തുത ക്രെയിൻ സർവ്വീസ് നടത്തുന്നതിനായി **12,86,803/-**രൂപയുടെ സ്പെയർ പാർട്സുകൾ ലഭ്യമാക്കുന്നതിന് മെ. ലിബർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മുബൈ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ടെന്നും ടി സ്പെയർ പാർട്സുകൾ ലിബർ ക്രെയിനിൻ്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി സൂചന-1 പ്രകാരം കോഴിക്കോട് തുറമുഖ ഓഫീസർ അപേക്ഷിച്ചിരിന്നു.

പ്ലാൻ ശീർഷകത്തിൽ ഭരണാനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതാലും മേൽ സ്പെയർ പാർട്സുകൾ ക്രെയിനിന്റെ പ്രവത്തനത്തിന് അത്യന്താപേക്ഷിതമായതിനാലും ഡെലിഗേഷൻ പ്രകാരം മെക്കാനിക്കൽ എക്വിപ്മെന്റിനു വേണ്ടി **12.86** ലക്ഷം രൂപയുടെ പർച്ചേസിന് ഭരണാനുമതി നൽകാനുള്ള അധികാരം സി.ഇ.ഒ. യ്ക്ക് ലഭിച്ചിട്ടില്ലാത്തത്തതിനാലും മേൽ ശീർഷകത്തിൽ ഫണ്ട് അവശേഷിക്കുന്നില്ലായെങ്കിൽ ജനറൽ ഫണ്ടിൽ നിന്നുള്ള ഭരണാനുമതിയ്ക്കായി നടപടി ഉത്തരവ് അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ ബോർഡ് അംഗീകരിക്കേണ്ടതായുണ്ട്.

മേൽ സാഹചര്യത്തിൽ ബേപ്പൂർ തുറമുഖത്തെ **LHM 180 Liebherr Container Handling Crane**-ന്റെ ആവശ്യത്തിലേക്കായി **12,86,803/-**രൂപയുടെ സ്പെയർ പാർട്സുകൾ ലഭ്യമാക്കുന്നതിന് മെ. ലിബർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മുബൈ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് ഭരണാനുമതി **"2085 Repairs & Maintenance Port Operational Equipments & Vehicle"** എന്ന ശീർഷകത്തിൽ കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ടി പ്രവൃത്തി നിലവിലെ **PWD Code**-ലെ വ്യവസ്ഥകൾക്ക് വിധേയമായി അഴീക്കൽ തുറമുഖ ഓഫീസർ ഇൻ ചാർജ്ജ് നടപ്പിലാക്കേണ്ടതും ആയതിന്റെ ബില്ലുകളുടെ സക്ഷ്യപ്പെടുത്തിയ പകർപ്പ് ടി കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

DR. RATHAN U KELKAR I A S

ADMINISTRATOR

അഡ്മിനിസ്ട്രേറ്റർ

To: തുറമുഖ ഓഫീസർ, കോഴിക്കോട്

പകർപ്പ്:

1. സി.എ ടു സി.എഫ്.എ
2. എഫ്. ഒ/ എം.എം.ഇ.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എം), ബേപ്പൂർ.
4. സീനിയർ പോർട്ട് കണസർവേറ്റർ, ബേപ്പൂർ.

Chief Executive Officer
Kerala Maritime Board
(A Statutory Board of Govt. of Kerala)
Thiruvananthapuram